ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണ് നീക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

പാലം പണിയാൻ നിവേദനം

242 [294] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതാക്കൽ പഞ്ചായത്ത് മൂന്നാം വാർഡിൽ ഒരു പാലം കെട്ടിക്കിട്ടണമെന്നൊരു നിവേദനം ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയെടുത്തു ?

ഉത്തരം

(എ) കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കാലാവധി കഴിഞ്ഞ കോർപ്പറേഷൻ കൗൺസിലുകളും മുനിസിപ്പൽ കൗൺസിലുകളും

243 [295] ശ്രീ. ജോൺ മാഞ്ഞൂരാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലുള്ള എത്ര കോർപ്പറേഷൻ കൗൺസിലുകളും മുനിസിപ്പൽ കൗൺസിലുകളും ഗവൺമെൻറ് സൂപ്പർസീഡ് ചെയ്തിട്ടുണ്ട് ;

(ബി) എത്ര കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും കൗൺസിലുകൾക്ക് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട് ? അതിന് പ്രത്യേക കാരണം വല്ലതും ഉണ്ടോ ? ഉണ്ടെങ്കിൽ എന്താണെന്നു വിശദമാക്കാമോ ;

(സി) സൂപ്പർസീഡ് ചെയ്തിട്ടുള്ള കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും തിരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അത് എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷൻ കൗൺസിലുകളെ ഗവൺമെൻറ് സൂപ്പർസീഡ് ചെയ്തിട്ടുണ്ട്. മുനിസിപ്പൽ കൗൺസിലുകളെ ഒന്നും സൂപ്പർസീഡ് ചെയ്തിട്ടില്ല.

(ബി) കൊച്ചിൻ കോർപ്പറേഷനേറയും പുനലൂർ, തിരൂർ എന്നിവയെ ഴികെ സംസ്ഥാനത്തുള്ള എല്ലാ മുനിസിപ്പാലിറ്റികളിലെയും കൗൺസിലുകളുടെ കാലാവധി നീട്ടി കൊടുത്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് നടത്താൻ കഴിയാത്തതു കൊണ്ടാണ് കൗൺസിലുകളുടെ കാലാവധി നീട്ടിക്കൊടുത്തത് .

(സി) ഇപ്പോഴും തിരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly